പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*175 14/08/2017-ൽ മറുപടിക്ക്

# ക്യാൻസർ രോഗികൾക്കുള്ള ചികിത്സാ സൗകര്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.സി. കെ. ശശീന്ദ്രൻ<br>ശ്രീ.എം. നൗഷാദ്** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ക്യാൻസർ രോഗബാധിതരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ക്യാൻസർ രോഗനിർണ്ണയം ആദ്യ ഘട്ടത്തിൽ തന്നെ നടത്തുന്നതിനും ചികിത്സ ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ട് 'ആയുർ ദീപ്തം' പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം നൽകുമോ; | ബി) | ഉണ്ട്. ആയുർ ദീപ്തം പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിലെ കറ്റ്യാട്ടൂര്, കണ്ണപുരം എന്നീ പി.എച്ച്.സി കളിൽ പ്രാരംഭ ഘട്ടത്തിൽ ചില ക്യാൻസറുകൾ കണ്ടുപിടിക്കുന്നതിനുള്ള ഏർളി ക്യാൻസർ ഡിറ്റക്ഷൻ ക്ലിനിക്കുകൾ തുടങ്ങിയിട്ടുണ്ട്. മറ്റ് ചില സർക്കാർ ആശുപത്രികളിലും ഇത്തരത്തിലുള്ള ക്ലിനിക്കുകൾ തുടങ്ങാനുള്ള പരിശീലനം മലബാർ ക്യാൻസർ സെന്ററിൽ നടന്നുവരുന്നു. ഈ പദ്ധതി ഒരു പൈലറ്റ് പ്രോഗ്രാമായാണ് നടത്തി വരുന്നത്. |
| സി) | ക്യാൻസർ സെന്ററുകളിലെ ചികിത്സാ സൗകര്യം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ക്യാൻസറിനെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്കും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് | സി) | **റീജിയണൽ കാൻസർ സെന്റർ**<br>റീജിയണൽ കാൻസർ സെന്ററിൽ കാൻസർ ചികിത്സക്കായി എല്ലാ ആധുനിക സങ്കേതങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അത്യാധുനിക പീഡിയാട്രിക് ഒ.പി. വിഭാഗം, പുതിയ ഔട്ട് പേഷ്യന്റ് ബ്ലോക്ക്, പെറ്റ് CT സ്കാനെർ, ഗാമാ ക്യാമറ തുടങ്ങിയവ അടുത്ത കാലത്ത് കമ്മീഷൻ ചെയ്യുകയുണ്ടായി. ആർ.സി.സിയെ ഹൈടെക് രോഗി സൗഹൃദ ആശുപത്രിയായി വികസിപ്പിക്കുന്നതിന് TATA Consultancy |

| | | | |
|---|---|---|---|
| | | | സർവ്വീസിന്റെ ഡിജിറ്റൽ നെർവ്വ് സെന്ററിന്റെ ഭാഗമായി മാറ്റുകയുണ്ടായി.<br>സ്ഥാപനങ്ങളുടെയും സംഘടനകളുടെയും പങ്കാളിത്തത്തോടെയുള്ള അർബുദ ബോധനയജ്ഞം, മുൻകൂർ കാൻസർ നിർണ്ണയ പദ്ധതികൾ, പൊതു മാധ്യമങ്ങളിലൂടെയുള്ള ബോധന പ്രവർത്തനങ്ങൾ, അക്കാഡമിക് നിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾ, എം.ഡി/എം.സി.എച്ച്/ഡി.എം., വിവിധ സർട്ടിഫിക്കേറ്റ് കോഴ്സുകൾ, ഗവേഷണ പ്രോജക്ടുകൾ, കാൻസർ രജിസ്ട്രി പ്രവർത്തനങ്ങൾ, ഇന്ത്യയിലും വിദേശത്തുമുള്ള പ്രമുഖ സർവ്വകലാശാലകളുമായുള്ള പങ്കാളിത്തം, കാൻസർ ചികിത്സയിൽ മൾട്ടിഡിസിപ്ലിനറി ക്ലിനിക് തുടങ്ങി വിപുലമായ പദ്ധതികളിലൂടെ ആർ.സി.സി അതിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള നിരന്തര പ്രവർത്തനങ്ങളിലാണ്. നമ്മുടെ നാട്ടിൽ കൂടുതലായി കണ്ടുവരുന്ന വായ, സ്തനം, ഗർഭാശയഗളം എന്നീ ഭാഗങ്ങളിലെ കാൻസർ നേരത്തേ കണ്ടുപിടിക്കുന്നതിനുള്ള ക്യാമ്പുകളും, പരിശീലന പദ്ധതികളും ആർ.സി.സിയുടെ നേതൃത്വത്തിൽ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം നടത്തി വരുന്നു. ഇത്തരം ക്യാമ്പുകളിൽ ഗർഭാശയഗള ക്യാൻസർ മുൻകൂട്ടി കണ്ടുപിടിക്കുന്നതിനുള്ള Visual Inspection using Lugols' Iodine (VILI), Visual Inspection with Acetic Acid (VIA), പാപ്സ്മീയർ ടെസ്റ്റ് എന്നിവ ചെയ്യുന്നുണ്ട്. സ്തനാർബുദം നേരത്തേ കണ്ടുപിടിക്കുന്നതിനായി സ്തന പരിശോധനയ്ക്ക് പുറമേ ആവശ്യമുള്ള പക്ഷം മാമോഗ്രാഫി Fine Needle Aspiration Cytology (FNAC) ടെസ്റ്റിനും ആർ.സി.സിയിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. വദനാർബുദം കണ്ടുപിടിക്കുന്നതിന് വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായ പരിശോധനയും നടത്തുന്നുണ്ട്. ആർ.സി.സിയുടെ ഉപകേന്ദ്രങ്ങളായ എറണാകുളം ജില്ലയിലെ കല്ലൂരും, പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ടും, കൊല്ലം ജില്ലയിലെ നീണ്ടകരയിലും മുൻകൂർ കാൻസർ നിർണ്ണയകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കണ്ണൂർ, |

| | | | |
|---|---|---|---|
| | | | കോഴഞ്ചേരി എന്നിവിടങ്ങളിലെ മുൻകൂർ കാൻസർ നിർണ്ണയ കേന്ദ്രങ്ങൾക്കും ഇക്കാര്യത്തിൽ ആവശ്യമായ സാങ്കേതിക സഹായവും ആർ.സി.സി നൽകി വരുന്നുണ്ട്. ആർ.സി.സി മുൻകൈയെടുത്ത് ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്ക് കാൻസർ രോഗനിർണ്ണയ പരിശീലനം സംയോജിതമായി നൽകി വരുന്നു. ഇവ കൂടാതെ വിവിധസംഘടനകളുമായി ചേർന്ന് മുൻകൂർ കാൻസർ രോഗ നിർണ്ണയ ക്യാമ്പുകളും ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലന പരിപാടികളും സംഘടിപ്പിച്ചു വരുന്നു. കൂടാതെ ആർ.സി.സിയിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ പുകയില വർജ്ജന ക്ലിനിക്ക് നടത്തുന്നുണ്ട്.<br>ജനങ്ങളെ കാൻസറിനെക്കുറിച്ച് ബോധവൽക്കരിക്കുകയും നല്ലതായ ജീവിതശൈലി അവലംബിക്കുന്നതിനുള്ള ബോധവൽക്കരണവും ആർ.സി.സിയുടെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം മുൻകൈ എടുത്ത് നടത്തി വരുന്നു. കാൻസർ ബോധവൽക്കരണ പരിപാടിയിലൂടെ സമൂഹത്തിൽ മുൻകൂർ രോഗ നിർണ്ണയത്തിന്റെ പ്രാധാന്യം മനസ്സിലാക്കി കൊടുക്കുവാനും ഫലപ്രദമായ ചികിത്സ നൽകുവാനും സാധിക്കും. ഇതിലൂടെ രോഗത്തിന്റെയും ചികിത്സയുടെയും തീവ്രത കുറയ്ക്കുവാനും കഴിയുന്നു.<br>**<u>മലബാർ കാൻസർ സെന്റർ</u>**<br>മലബാർ കാൻസർ സെന്ററിൽ താഴെ പറയുന്ന ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്.<br>• ആധുനിക റേഡിയേഷൻ ചികിത്സ ലഭ്യമാക്കുന്ന ലീനിയർ ആക്സിലറേറ്റർ, എലൈറ്റ്80 ടെലി കൊബാൾട്ട് മെഷീൻ, റേഡിയോ തെറാപ്പി, സിമുലേറ്റർ ബ്രാക്കിതെറാപ്പി മെഷീൻ എന്നിവ ഉൾപ്പെടുന്ന റേഡിയേഷൻ ചികിത്സാ സൗകര്യം<br>• ആധുനിക സൗകര്യങ്ങളോടുകൂടിയ ബയോ കെമിക്കൽ ക്ലിനിക്കൽ ലാബോറട്ടറി, സൈറ്റോളജി, ഹിസ്റ്റോപാത്തോളജി, മൈക്രോ ബയോളജി വിഭാഗം<br>• 4 ഡി സ്കാനർ, സി.ടി സിമുലേറ്റർ, അത്യാധുനിക എം.ആർ.ഐ സ്കാനർ. സി.ടി.സ്കാൻ, 500 എം.എ |

| | | | |
|---|---|---|---|
| | | | എക്സ്റേ മെഷീനും, അൾട്രാ സൗണ്ട് സ്കാനറും, ഡിജിറ്റൽ എക്സ്റേ, ഡിജിറ്റൽ മാമോഗ്രാഫിയും അടങ്ങിയ ഇമേജിയോളജി വിഭാഗം.<br>• ബോൺമാരോ ട്രാൻസ് പ്ലാന്റേഷൻ സംവിധാനമുള്ള ഹെമറ്റോളജി & മെഡിക്കൽ ഓങ്കോളജി വിഭാഗം.<br>• എൻറോസ്കോപ്പി, കൊളോണോസ്കോപ്പി, ബ്രോങ്കോസ്കോപ്പി എന്നിവ ചെയ്യാനുള്ള സജ്ജീകരണങ്ങൾ<br>• രക്തത്തിലെ കോശങ്ങളെ വേർതിരിക്കുന്ന കമ്പോണന്റ് സെപ്പറേഷൻ സൗകര്യങ്ങളുള്ള ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ബ്ലഡ് ബാങ്ക്.<br>• ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഓപ്പറേഷൻ തീയറ്റർ കോംപ്ലക്സ്.<br>• ഡേ കീമോതെറാപ്പി വിഭാഗം ഉൾപ്പെടെയുള്ള കീമോതെറാപ്പി ചികിത്സ<br>• കാൻസർ രോഗികൾക്ക് സാന്ത്വന ചികിത്സ നൽകുന്ന പാലിയേറ്റീവ് കെയർ വിഭാഗം, കൂടാതെ പാലിയേറ്റീല് ചികിത്സ തുടരുന്ന രോഗികൾക്ക് ഹോം കെയർ സർവ്വീസ്.<br>• മറ്റ് ആശുപത്രികളിലെ കാൻസർ രോഗികൾക്കും. ഡോക്ടർമാർക്കും, എം.സി.സി യിലെ ഡോക്ടർമാരുമായി അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ടെലിമെഡിസിൻ സംവിധാനം<br>• 200 രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള ഇൻപേഷ്യന്റ് ബ്ലോക്ക്. |

| | | | |
|---|---|---|---|
| ഡി) | എല്ലാ മെഡിക്കൽ കോളേജുകളിലും ക്യാൻസർ യൂണിറ്റുകളുടെ പ്രവർത്തനം ശക്തമാക്കുന്നതിനും ഇതിനാവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | ഡി) | നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ